# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 08/23 (212th) Meeting of the Syndicate held on 17.11.2023 at 10.30 am at University Head Quarters, Kalady

**Members Present:**

1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ - ഒപ്പ്
2. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
3. ഡോ. ടോമി ജോസഫ്, സിൻഡിക്കേറ്റംഗം - ഒപ്പ്
4. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
5. പ്രൊഫ. മോഹൻദാസ് എസ്, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. അനിൽ കെ.എം, സിൻഡിക്കേറ്റംഗം - ഒപ്പ്
8. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
9. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം - ഒപ്പ്
10. ഡോ. ബിച്ചു എക്സ് മലയിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
11. ഡോ. ശിവദാസൻ പി, സിൻഡിക്കേറ്റംഗം - ഒപ്പ്
12. ഡോ. രാമൻകുട്ടി പി.വി., സിൻഡിക്കേറ്റംഗം - ഓൺലൈൻ
13. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
14. ശ്രീ. എൽ.ആർ. സജീവ് കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് - ഓൺലൈൻ
15. ശ്രീ. സാജുകുമാർ എൻ, ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ് - ഓൺലൈൻ

കൂടാതെ ഡോ. ഉണ്ണികൃഷ്ണൻ പി. (രജിസ്ട്രാർ ഇൻ ചാർജ്ജ്) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor to the Syndicate

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

സിക്കിമിലുണ്ടായ മിന്നൽ പ്രളയത്തിലും കളമശ്ശേരി ബോംബ് സ്ഫോടനത്തിലും ജീവൻ നഷ്ടപ്പെട്ടവരുടെ നിര്യാണത്തിലും, സർവകലാശാല ജീവനക്കാരിയായിരുന്ന ശ്രീമതി. ഗ്രീഷ്മ കെ.വി., പ്രശസ്ത സംഗീതജ്ഞ ഡോ. ഗീത ഓംചേരി, പ്രശസ്ത കൂടിയാട്ടം, മിഴാവ് കലാകാരൻ പത്മശ്രീ പി.കെ നാരായണൻ നമ്പ്യാർ എന്നിവരുടെയും രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെയും നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

03.10.2023 തീയതിയിലെ 211-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. പ്രൊഫസർ (ഡോ.) ബി. അനന്തകൃഷ്ണൻ കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ സ്ഥാനം ഏറ്റെടുത്ത 27.10.2023 ന പ്രസ്തുത സർവകലാശാലയുടെ വൈസ് ചാൻസലർ ചാർജിൽനിന്നും ഒഴിവായ വിവരം അറിയിക്കുന്നു.
2. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നും സർവകലാശാലയിൽ നാല് വർഷ ബിരുദ പ്രോഗ്രാമുമായി ബന്ധപ്പെട്ട് 11.10.2023 ന് വിളിച്ച യോഗത്തിൽ സർവകലാശാലയെ പ്രതിനിധീകരിച്ച് പ്രോ വൈസ് ചാൻസലർ പ്രൊഫസർ. കെ. മുത്തുലക്ഷ്മി, മുൻ രജിസ്ട്രാർ ഡോ. എം.ബി. ഗോപാലകൃഷ്ണൻ, സിൻഡിക്കേറ്റ് അംഗം ഡോ. ടോമി ജോസഫ്, നാല് വർഷ ബിരുദ പ്രോഗ്രാം കരിക്കുലം കമ്മിറ്റി അംഗങ്ങളായ ഡോ. ഷീബ എസ്., പ്രൊഫസർ, സംസ്കൃത വേദാന്ത വിഭാഗം,

ഡോ. സാജു. ടി. എസ്, അസ്സോസിയേറ്റ് പ്രൊഫസർ, ജ്യോഗ്രഫി വിഭാഗം, എന്നിവർ പങ്കെടുത്തിരുന്നു.

3. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലുമായി (കെ-ഡിസ്ക്) സഹകരിച്ച് വിവിധ കർമ്മപദ്ധതികൾ നടപ്പാക്കുന്നതിന് ധാരണാപത്രം ഒപ്പുവച്ചു. കെ-ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി.വി. ഉണ്ണികൃഷ്ണൻ വകുപ്പധ്യക്ഷരുമായും ഗവേഷകരുമായും സർവ്വകലാശാലയിൽ വച്ച് 26.10.2023 ന സംവാദം നടത്തുകയുമുണ്ടായി .
4. സർവകലാശാല ഡെപ്യൂട്ടി ലൈബ്രേറിയനായിരുന്ന ഡോ.എ. വിജയകുമാർ 30.10.2023 ൽ സർവീസിൽ നിന്നും സ്വമേധയാ വിരമിക്കുകയും അദ്ദേഹത്തിനുള്ള യാത്രയയപ്പ് സർവകലാശാല 27.10.2023 ന് നൽകുകയും ചെയ്തു.
5. സർവകലാശാലയുടെ രജിസ്ട്രാർ സ്ഥാനത്തു നാലുവർഷം പൂർത്തിയാക്കി 07.11.2023 ന് സർവകലാശാലയിൽ നിന്നും മാതൃ സ്ഥാപനത്തിലേക്ക് തിരിച്ചു പോയ ഡോ എം. ബി ഗോപാലകൃഷ്ണന് 03.11.2023 ന് സർവകലാശാല സമുചിതമായ യാത്രയയപ്പ് നൽകി.
6. മാതൃഭാഷയുടെ സംരക്ഷണത്തിനും വികാസത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് സംസ്കൃത സർവകലാശാല ഏർപ്പെടുത്തിയിട്ടുള്ള പ്രദീപൻ പാമ്പിരികുന്ന് സ്മാരക മാതൃഭാഷാപുരസ്കാരത്തിന് പ്രശസ്ത സാഹിത്യ നിരൂപകനും, അധ്യാപകനും, ഗവേഷകനുമായ ഡോ. ജോർജ്ജ് ഇരുമ്പയം അർഹനായി. 16.11.2023 ന് സർവകലാശാലയിൽ നടന്ന ചടങ്ങിൽ ബഹു.വൈസ് ചാൻസലർ പുരസ്കാരം കൈമാറി. പ്രസ്തുത ചടങ്ങിൽ ഭരണഭാഷാപുരസ്കാരനിർണ്ണയ സമിതിയംഗം പ്രൊഫ. പി. പവിത്രനെ ആദരിച്ചു. സിൻഡിക്കേറ്റ് അംഗവും മലയാളം സർവകലാശാലയിലെ സെന്റർ ഫോർ എഴുത്തച്ഛൻ സ്റ്റഡീസ് ഡയറക്ടറുമായ ഡോ. കെ.എം.അനിൽ പ്രദീപ്ത സ്മരണ നടത്തി.
7. സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റിയുടെ അനുമതിയോടെ സംസ്കൃത വേദാന്ത വിഭാഗം മുൻ പ്രൊഫസറും, സംസ്കൃത പണ്ഡിതനുമായ പ്രൊഫ.വി.രാമകൃഷ്ണ ഭട്ടിനെ അഷ്ടാദശി പ്രോജക്ടിൽ ശാസ്ത്ര ചൂഡാമണി

പദ്ധതിയിൽ ഉൾപ്പെടുത്തിയതും പ്രസ്തുത പദ്ധതി സർവകലാശാലയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അതിന്റെ ഉദ്ഘാടനം 13.11.2023 ന് സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. ശ്രീനിവാസ വർക്കേഡി ഓൺലൈനായി നിർവഹിച്ചതും റിപ്പോർട്ട് ചെയ്യുന്നു. ചടങ്ങിൽ ബഹു.വൈസ് ചാൻസലർ അധ്യക്ഷനായിരുന്നു.

8. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## Item No. 2

4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്.

19.09.2023 ന് ചേർന്ന അക്കാദമിക് ആന്റ് റിസർച്ച് സ്ഥിരം സമിതി ശിപാർശ ചെയ്ത നിർദ്ദേശങ്ങൾ പ്രകാരം പത്താം ഖണ്ഡിക താഴെ പറയുംവിധം ഭേദഗതി ചെയ്ത് 4 വർഷ യു.ജി പ്രോഗ്രാമുകൾ പൂർണ്ണമായി ആരംഭിക്കാൻ ഐക്യകണ്ഠേന തീരുമാനിച്ചു.

"സോഷ്യൽ വർക്ക് കാലടി ഒഴികെ രണ്ട് സെന്ററുകളിൽ നടത്താം. പയ്യന്നൂരും, തിരൂരും ഈ കോഴ്സ് നടത്താവുന്നതാണ്. സോഷ്യൽ വർക്ക് പ്രോഗ്രാം വ്യത്യസ്ത ഫീസ് ഘടന ഉള്ള രീതിയിൽ നടത്താം. സെന്ററുകൾ ഏത് വേണമെന്ന കാര്യത്തിൽ ചർച്ചയാകാവുന്നതാണ്".

അപ്രകാരം ഭേദഗതി വരുത്തിയ പ്രസ്തുത സ്ഥിരം സമിതി ശിപാർശകൾ ചുവടെ ചേർക്കുന്നു.

FYUGP പ്രോഗ്രാമുകൾ ഏതെങ്കിലും ഒരു വിഷയത്തിലോ ഏതെങ്കിലും ഒരു കേന്ദ്രത്തിലോ മാത്രം ആരംഭിക്കുന്നത് ഈ പദ്ധതിയുടെ അടിസ്ഥാന സങ്കൽപ്പത്തെ ഇല്ലാതാക്കും. മാത്രമല്ല അത് പ്രോഗ്രാം ആരംഭിക്കാത്ത വിഷയങ്ങളെയും സെന്ററുകളേയും പ്രതിലോമകരമായി ബാധിക്കുകയും ചെയ്യും. അതുകൊണ്ട് പ്രോഗ്രാം ആരംഭിക്കുമ്പോൾ ആവുന്നത്ര കേന്ദ്രങ്ങളിൽ സാധ്യമായ വിഷയങ്ങളിലെല്ലാം ആരംഭിക്കുകയാണ് വേണ്ടത്.

പഠനവകുപ്പുകൾ സമർപ്പിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി കൈക്കൊണ്ട തീരുമാനങ്ങൾ:-

1. FYUGP നടപ്പിലാക്കുമ്പോൾ, പ്രോഗ്രാമുകൾ ന്യായവും തുല്യവുമായി വിതരണം ചെയ്യപ്പെടണമെന്ന സർക്കാർ നയം പിൻപറ്റിക്കൊണ്ടാണ് സമിതി നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. നാല് വർഷത്തെ യു.ജി. തുടർന്ന് ഒരു വർഷത്തെ പി.ജി. എന്ന തരത്തിലായിരിക്കും പ്രോഗ്രാം നടത്തുക.
2. നിലവിലുള്ള പ്രോഗ്രാമുകളിലെ വിദ്യാർത്ഥികളുടെ എണ്ണവും പ്രോഗ്രാമിനായുള്ള ഡിമാന്റും ഇതിൽ പരിഗണിച്ചിട്ടുണ്ട്.
3. സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ-മൈനർ, മൈനർ എന്നിങ്ങനെയുള്ള എല്ലാ സാധ്യതകളും ഈ നിർദ്ദേശത്തിലുണ്ട്.
4. അധ്യാപകരുടെ എണ്ണവും ജോലിഭാരവും കൃത്യമായി പരിഗണിച്ചിട്ടുണ്ട്.
5. സംസ്കൃതം കാലടിയിലും എല്ലാ പ്രാദേശിക കേന്ദ്രങ്ങളിലും വിതരണം ചെയ്യപ്പെടണം. ആയതിനുള്ള നിർദ്ദേശം:

| | | |
|---|---|---|
| സംസ്കൃതം സാഹിത്യം | : കാലടിക്ക് പുറമേ 2 സെന്ററുകൾ | - പയ്യന്നൂർ, ഏറ്റുമാനൂർ |
| സംസ്കൃതം വേദാന്തം | : കാലടിക്ക് പുറമേ 2 സെന്ററുകൾ | - കൊയിലാണ്ടി, പന്മന |
| സംസ്കൃതം വ്യാകരണം | : കാലടിക്ക് പുറമേ 1 സെന്റർ | - തിരൂർ |
| സംസ്കൃതം ന്യായം | : കാലടിക്ക് പുറമേ 1 സെന്റർ | - തിരുവനന്തപുരം |
| സംസ്കൃതം ജനറൽ | : കാലടിക്ക് പുറമേ 1 സെന്റർ | - കൊയിലാണ്ടി |

കൂടാതെ, സംസ്കൃതം ഒരു നിർബന്ധ ഫൗണ്ടേഷൻ കോഴ്സായി എല്ലാ പ്രോഗ്രാമുകളിലും ഉൾപ്പെടുത്തണം. ഏത് പ്രോഗ്രാമിൽപ്പെട്ട വിദ്യാർത്ഥിയും നിർബന്ധമായും ചുരുങ്ങിയത് ഒരു ഇലക്റ്റീവ് കോഴ്സ് സംസ്കൃതം ഡിപ്പാർട്ട്മെന്റ് കളിൽ നിന്ന് തെരഞ്ഞെടുക്കണം. സംസ്കൃത സർവകലാശാലയുടെ സ്ഥാപന ലക്ഷ്യങ്ങളെ പരിപൂർണ്ണമായും പരിഗണിച്ചുകൊണ്ടാണ് ഇക്കാര്യങ്ങൾ നിർദ്ദേശിക്കുന്നത്.

6. സംസ്കൃതേതര പ്രോഗ്രാമുകളുടെ വിതരണം താഴെപ്പറയുന്ന വിധമാകാം.

| | | |
|---|---|---|
| മലയാളം | : കാലടിക്ക് പുറമേ 2 സെന്ററുകൾ | - പയ്യന്നൂർ, പന്മന |
| ഹിന്ദി | : കാലടിക്ക് പുറമേ 2 സെന്ററുകൾ | - കൊയിലാണ്ടി, ഏറ്റുമാനൂർ |
| ഹിസ്റ്ററി | : കാലടിക്ക് പുറമേ 1 സെന്റർ | - തിരൂർ |
| ഫിലോസഫി | : കാലടിക്ക് പുറമേ 1 സെന്റർ | - തിരുവനന്തപുരം |

ഈ സെന്ററുകൾ തന്നെയാണോ പ്രസ്തുത പ്രോഗ്രാമുകൾക്ക് അനുയോജ്യ മെന്ന കാര്യത്തിൽ കൂടുതൽ ചർച്ച ചെയ്ത് തീരുമാനം എടുക്കാവുന്നതാണ്. എണ്ണത്തിലും വിതരണത്തിലും വ്യത്യാസം വരുത്താതെ സെന്ററുകൾ ഉചിതമായ വിധം മാറ്റാവുന്നതാണ്.

7. ഭരതനാട്യം, മോഹിനിയാട്ടം, സംഗീതം, പെയിന്റിംഗ്, ഇംഗ്ലീഷ്, ഫിസിക്കൽ എഡ്യൂക്കേഷൻ, തീയേറ്റർ എന്നീ വകുപ്പുകളിലെ പ്രോഗ്രാമുകൾ കാലടിയിൽ മാത്രമായിരിക്കും.

8. സോഷ്യൽ സയൻസ്, ലിബറൽ ആർട്സ് എന്നീ വിഷയങ്ങളിലെ മൾട്ടി ഡിസിപ്ളിനറി പ്രോഗ്രാമുകൾ 2024 ൽ ആരംഭിക്കേണ്ടതില്ല. കൂടുതൽ ഗൃഹപാഠം ചെയ്ത് 2025 ൽ ആരംഭിച്ചാൽ മതിയാകും.

9. ഉർദ്ദു, അറബി കോഴ്സുകൾ നിലവിലുള്ള സെന്ററുകളിൽ തുടരും. യു.ജി.യിൽ മൈനറായും പി.ജി.യിൽ മേജറായും തുടരാം.

10. സോഷ്യൽവർക് കാലടിയൊഴികെ രണ്ട് സെന്ററുകളിൽ നടത്താം. പയ്യന്നൂരും, തിരൂരും ഈ കോഴ്സ് നടത്താവുന്നതാണ്. സോഷ്യൽവർക് പ്രോഗ്രാം വ്യത്യസ്ത ഫീസ് ഘടനയുള്ള രീതിയിൽ നടത്താം. സെന്ററുകൾ ഏത് വേണമെന്ന കാര്യത്തിൽ ചർച്ചയാകാവുന്നതാണ്.

11. നിലവിലുള്ള നിർദ്ദേശമനുസരിച്ച് ഗസ്റ്റ് ഫാക്കൽറ്റിയുടെ എണ്ണം കോടതി/ യു.ജി.സി നിർദ്ദേശങ്ങൾക്കകത്ത് പരിമിതപ്പെടുത്തണം.

12. സർവകലാശാലയുടെ എല്ലാ കേന്ദ്രങ്ങളും അതതു കേന്ദ്രങ്ങളിൽ ലഭ്യമായ UG/PG വിഷയങ്ങളിലെ ഗവേഷണ കേന്ദ്രങ്ങളാക്കി മാറ്റാൻ ഉദ്യമിക്കണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ അടുത്ത നാല് വർഷത്തിനുള്ളിൽ സർവകലാശാലയുടെ കീഴിൽ രണ്ടായിരത്തിലധികം വിദ്യാർത്ഥികൾ പ്രവേശനം നേടാൻ സാധ്യതയുള്ളതായി കാണുന്നു. നിലവിൽ സെന്ററുകളിലനുഭവപ്പെടുന്ന പ്രതിസന്ധികൾ പലതും പരിഹരിക്കപ്പെടും. സർവകലാശാലയുടെ സർവതോന്മുഖമായ വികസനത്തിന് ഇത് സഹായിക്കും.

ബന്ധപ്പെട്ട സമിതികളിൽ (ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി, അക്കാദമിക് കൗൺസിൽ) ചർച്ച ചെയ്ത് നാല് വർഷ ബിരുദ പ്രോഗ്രാം 2024 ൽ തന്നെ സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

പുതിയ പ്രോഗ്രാമുകളുടെ വിന്യാസവുമായി ബന്ധപ്പെട്ട പട്ടിക അനുബന്ധമായി ചേർക്കുന്നു.

# ADDITIONAL AGENDA

## Item No. 1

a) Smt. Ajitha V. in Sanskrit Sahitya [No. EA/PhD/781/SSUS/2023(1)]
b) Sri. Vinodkumar N.T. in Sanskrit Sahitya [No. EA/PhD/753/SSUS/2022(1)]
c) Smt. Megha S. Raj in Sanskrit Vyakarana [No. EA/PhD/771/SSUS/2022(1)]
d) Sri. Umerali Akbar in Sanskrit Vyakarana [No. EA/PhD/750/SSUS/2022(1)]
e) Smt. Gayathri V.G. in Sanskrit Vyakarana [No. EA/PhD/772/SSUS/2022(1)]
f) Smt. Neenu K.R in Sanskrit Vyakarana [No. EA/PhD/794/SSUS/2023(1)]
g) Smt. Anjaly A. in Malayalam [No. EA/PhD/765/SSUS/2022(1)]
h) Sri. Riyas K. in Malayalam [No. EA/PhD/651/SSUS/2019(1)]
i) Smt. Anitha Chandran in History [No. EA/PhD/759/SSUS/2022(1)]
j) Sri. Subin P.S in Comparative Literature [No. EA/PhD/768/SSUS/2022(1)]
k) Smt. Siji Haridas in Malayalam [No. EA/PhD/729/SSUS/2022(1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 14.11.2023, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt. Ajitha V. | Faculty of Sanskri Literature | 09.10.2023 |
| b) | Sri. Vinodkumar N.T. | Faculty of Sanskri Literature | 20.10.2023 |
| c) | Smt. Megha S. Raj | Faculty of Sanskrit Grammar | 15.09.2023 |
| d) | Sri. Umerali Akbar | Faculty of Sanskrit Grammar | 11.08.2023 |
| e) | Smt. Gayathri V.G. | Faculty of Sanskrit Grammar | 09.10.2023 |
| f) | Smt. Neenu K.R | Faculty of Sanskrit Grammar | 06.10.2023 |
| g) | Smt. Anjaly A. | Faculty of Indian Languages | 13.10.2023 |
| h) | Sri. Riyas K. | Faculty of Indian Languages | 17.10.2023 |
| i) | Smt. Anitha Chandran | Faculty of Arts and Social Sciences | 20.09.2023 |
| j) | Sri. Subin P.S | Faculty of Indian Languages | 05.10.2023 |
| k) | Smt. Siji Haridas | Faculty of Indian Languages | 08.11.2023 |

a) Smt.Ajitha V. in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **“Traditions Of Buddhist and Keralite Tantra: A Study Based On Aryamanjusrimulakalpa”,** under the guidance of Dr. K.A Ravindran, Professor, Department of Sanskrit Sahitya, SSUS, Kalady.

b) Sri.Vinodkumar N.T. in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **“Citpureśastavasya Samśodhitasamskaraṇam Adhyayaṇam Ca”** “चित्पुरेशस्तवस्य संशोधितसंस्करणं अध्ययनं च**”,** under the guidance of Dr. Ambika K.R., Professor, Department of Sanskrit Sahitya, SSUS, Kalady.

c) Smt. Megha S. Raj in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled **“Bhāṣāvivekaḥ siddhāntaśca nāṭyaśāstrānusāri adhyayanam”,** under the guidance of Dr. Jinitha K.S., Associate Professor, Department of Sanskrit Vyakarana, SSUS, Kalady.

d) Sri. Umerali Akbar in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled **“kāśikānūsāram uttarapadādhikāra nirūpaṇam”,** under the guidance of Dr. Yamuna K., Professor, Department of Sanskrit Vyakarana, SSUS, Kalady.

e) Smt. Gayathri V.G. in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled **“Pāṇinīyasārasvatamugdhabodha vyākaraṇeṣu strīpratyayaprakaraṇasamīkṣā ”,** under the guidance of Dr. Jinitha K.S., Associate Professor, Department of Sanskrit Vyakarana, SSUS, Kalady.

f) Smt. Neenu K.R. in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled **“Hastimallakṛtamaithilīkalyāṇasya Vyākaraṇaśāstrīyamadhyayanam”,** under the guidance of Dr. M. Manimohanan, Professor (Rtd.), Department of Sanskrit Vyakarana, SSUS, Kalady

g) Smt. Anjaly A. in Malayalam under the Faculty of Indian Languages for the Ph.D thesis titled **“എഴുത്തുകാരികളുടെ സാഹിത്യ സാംസ്കാരിക ഇടപെടലുകൾ (വിശേഷ പഠനം : ലളിതാംബിക അന്തർജ്ജനം, സുഗതകുമാരി, സാറാ ജോസഫ് )”,** under the guidance of Dr. A. Sheelakumari, Professor (Rtd), Department of Malayalam, SSUS, Kalady.

h) Sri. Riyas K. in Malayalam under the Faculty of Indian Languages for the Ph.D thesis titled **“പ്രാദേശിക കലാസാഹിത്യസംഘങ്ങളും നാട്ടുസംസ്കാരത്തിന്റെ ഭാവുകത്വപരിണാമവും”,** under the guidance of Dr. P. Pavithran, Professor, Department of Malayalam, RC, Tirur.

i) Smt. Anitha Chandran in History under the Faculty of Arts and Social Sciences for the Ph.D thesis titled **“Dynamics of Communities and Capital: The Konkanis of Kerala”,** under the guidance of Dr. N.J. Francis, Professor, Department of History, SSUS, Kalady.

j) Sri. Subin P.S. in Comparative Literature under the Faculty of Indian Languages for the Ph.D thesis titled **“Autobiography as Social Interface: An Analytical Study of the Autobiographies of E.M. Sankaran Namboodiripad, A.K. Gopalan, and Cherukad Govinda Pisharody”,** under the guidance of Dr. K.V. Ajithkumar, Professor,

Department of Sanskrit Sahitya and Research Supervisor of Centre for Comparative Literature.

k) Smt.Siji Haridas in Malayalam under the Faculty of Indian Languages for the Ph.D thesis titled **"മലയാള നവോത്ഥാന കഥകളിലെ സ്ത്രീ പ്രതിനിധാനം",** under the guidance of Dr. Bichu X Malayil, Professor, Department of Malayalam, SSUS, Kalady.

## Item No. 2

സർവകലാശാല രജിസ്ട്രാറായിരുന്ന ഡോ. ഗോപാലകൃഷ്ണൻ എം.ബി. യെ വിടുതൽ ചെയ്തു സംബന്ധിച്ച്. (No. Ad.B/16064/SSUS/2019)

റിപ്പോർട്ട് ശ്രദ്ധിച്ചു. കൂടാതെ സർവകലാശാല രജിസ്ട്രാറായിരുന്ന ഡോ. ഗോപാലകൃഷ്ണൻ എം.ബി. സേവന കാലയളവ് പൂർത്തീകരിച്ച് സർവകലാശാലയിൽ നിന്നും വിടുതൽ ചെയ്തതിനാൽ 07.11.2023 മുതൽ സർവകലാശാല രജിസ്ട്രാറുടെ ചാർജ്ജ് സ്റ്റുഡന്റ്സ് സർവീസ് ഡയറക്ടറുടെ ചുമതല വഹിക്കുന്ന ഫിലോസഫി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഉണ്ണികൃഷ്ണൻ പി.യ്ക്ക് അധിക ചുമതലയായി നൽകാൻ ഉത്തരവായ ബഹു. വൈസ് ചാൻസലറുടെ നടപടി അംഗീകരിക്കാനും തീരുമാനിച്ചു.

## Item No. 3

സർവകലാശാലയിൽ ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണന്റെ പേരിലുള്ള എൻഡോവ്മെന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്. [No. 02339/ACDC1/ SSUS/2023 (1)]

14.11.2023 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ അംഗീകരിച്ച് സർവകലാശാല സംസ്കൃത ന്യായ വിഭാഗത്തിൽ ജസ്റ്റിസ്

തോട്ടത്തിൽ ബി രാധാകൃഷ്ണന്റെ ഓർമ്മയ്ക്കായി ഒരു എൻഡോവ്മെന്റ് സ്ഥാപിക്കാനും പ്രസ്തുത എൻഡോവ്മെന്റ് നടപ്പിലാക്കുന്നതിനുള്ള കരട് മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിക്കാനും ഇത് ബഹു. ചാൻസലറുടെ അംഗീകാരത്തിനായി സമർപ്പിക്കാനും തീരുമാനിച്ചു.

## OUT OF AGENDA

## Item No. 1

2022-23 സാമ്പത്തിക വർഷത്തെ വരവ് ചിലവ് കണക്കുകൾ സംബന്ധിച്ച്. (No. 15088/Fin&Accounts/AA 2022-23/SSUS/2022)

29.09.2023 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും 10.10.2023 ലെ സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയുടെയും ശിപാർശ പരിഗണിച്ച് സർവകലാശാലയുടെ 2022-23 സാമ്പത്തിക വർഷത്തെ വരവ് ചിലവ് കണക്കുകൾ അംഗീകരിക്കാൻ തീരുമാനിച്ചു.

യോഗം 12.00 p.m ന് അവസാനിച്ചു.

| | |
|---|---|
| **ഒപ്പ്** | **ഒപ്പ്** |
| **രജിസ്ട്രാർ ഇൻ ചാർജ്ജ്** | **വൈസ് ചാൻസലർ** |

അനുബന്ധം

**The proposed Campus wise distribution of Programmes at Kalady Campus and various Regional Campuses for the implementation of 4 year UG Programme and I year PG Programme**

| Sl.No | Name of the Department | Kalady | Payyannur | Koyilandy | Tirur | Ettumanoor | Panmana | Thiruvananthapuram |
|---|---|---|---|---|---|---|---|---|
| 1 | **Sanskrit Sahitya** | Sahitya | Sahitya | | | Sahitya | | |
| 2 | **Sanskrit Vedanta** | Vedanta | | Vedanta | | | Vedanta | |
| 3 | **Sanskrit Vyakarana** | Vyakarana | | | Vyakarana | | | |
| 4 | **Sanskrit Nyaya** | Nyaya | | | | | | Nyaya |
| 5 | **Sanskrit General** | General | | General | | | | |
| 6 | **Malayalam** | Malayalam | Malayalam | | | | Malayalam | |
| 7 | **Hindi** | Hindi | | Hindi | | Hindi | | |
| 8 | **History** | History | | | History | | | |
| 9 | **Philosophy** | Philosophy | | | | | | Philosophy |
| 10 | **Social Work** | Social Work | Social Work | | Social Work | | | |
| 11 | **Bharathanatyam** | Bharathanatyam | | | | | | |
| 12 | **Mohiniyattom** | Mohiniyattom | | | | | | |
| 13 | **Music** | Music | | | | | | |
| 14 | **Painting** | Painting | | | | | | |
| 15 | **English** | English | | | | | | |
| 16 | **Physical Education** | Physical Education | | | | | | |
| 17 | **Theatre** | Theatre (Soft –core electives for UG | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | plus two-year PG) | | | | | | |
| 18 | **Social Sciences {Geography Psychology Sociology History}** | Social Sciences (Multidisplinary Major with possibility of Major in one discipline +MA in that discipline) | | | | | | |
| 19 | **Liberal Arts {Hindi Philosophy English Comparative Literature Malayalam}** | Liberal Arts (Multidisplinary Major in three disciplines with possibility of Major in one discipline + MA in that discipline or Multidisciplinary MA in Liberal Arts | | | | | | |
| 20 | **Urdu** | | | Urdu (Minor with possibility of major in fourth year + I year PG) | | | | |
| 21 | **Arabic** | | | | Arabic (Minor with possibility of major in fourth year + I year PG) | | | |